**വിക്ടേർസ് ചാനലിൽ വന്ന മലയാളം ക്ലാസ്സുകളുടെ ഉള്ളടക്കവും തുടർ പ്രവർത്തനങ്ങളും .**

**09-12-2020**

കേരളപാഠാവലി-X

കടൽത്തീരത്ത് - 02

🌊മുൻ ക്ലാസ്സിൽ നൽകിയ തുടർപ്രവർത്തനങ്ങൾ ഓർമ്മപ്പെടുത്തി.

■ ഒ വി വിജയൻ - ലഘുജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ.

■കഥാസംഗ്രഹം തയ്യാറാക്കൽ.

🌊 ഹൃദ്യ കെ എന്ന കുട്ടി കഥാസംഗ്രഹം അവതരിപ്പിക്കുന്നത് കാണിച്ചു.

🌊കഥയുടെ സൂക്ഷ്മതല വിശകലനത്തിലേക്ക് കടന്നു..

■വെള്ളായിയപ്പന്റെ കണ്ണൂരിലേക്കുള്ള യാത്രയുടെ ആരംഭത്തോട് കൂടിയാണ് കഥ തുടങ്ങുന്നത്.

■ പാഴുതറ എന്ന ഗ്രാമത്തിൽ നിന്നാണ് അയാൾ യാത്ര തുടങ്ങുന്നത്

■അയാൾ യാത്ര തുടങ്ങുമ്പോൾ വീട്ടിൽ നിന്നും കൂട്ടനിലവിളി ഉയർന്നു

■വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട തന്റെ മകനെ അവസാനമായി കാണാനുള്ള ഒരു യാത്രയായിരുന്നു വെള്ളായിയപ്പന്റേത്.

■അതിനാലാണ് ആ യാത്ര ദുഃഖകരമായി മാറുന്നത്. ആ ഗ്രാമം വെള്ളായിയപ്പന്റെ ആ സങ്കടത്തിൽ കൂടെ ചേരുന്നു.

■ഗ്രാമത്തിലെ ആ നിലവിളി  അവസാനിക്കുന്നില്ല.

അകന്ന് ശമിക്കുകയാണ്. നാടിന്റെയും വീടിന്റെയും രോദനം തുടരുകയാണെന്നും അത്  കേൾക്കുന്നതിനും അപ്പുറത്തേക്ക്  വെള്ളായിയപ്പൻ എത്തി എന്നുമാണ് കഥാകൃത്ത് പറയുന്നത്.

🌊 പറമ്പിലെ മഞ്ഞ പുല്ലിലൂടെ ആരുടെയൊക്കെയോ ദുഃഖ സഞ്ചാരങ്ങളുടെ തഴമ്പായി ചവിട്ടടിപ്പാത നീണ്ടുപോകുന്നു.

ഈ പ്രയോഗത്തെ വിശദീകരിച്ചു.

■യാത്രയുടെ കനത്തു വിങ്ങുന്ന ദുഃഖം മുഴുവൻ ഈ വാക്യത്തിൽ ഉണ്ട് .

■ദുഃഖസഞ്ചാരങ്ങളുടെ തഴമ്പ് -

എത്രയോ മനുഷ്യർ പലവിധ ദുഃഖങ്ങൾ പേറി യാത്ര ചെയ്ത വഴികളാണവ . ആ സങ്കടയാത്രകൾ അവിടെ വട്ടുകെട്ടി കിടക്കുന്നു.

■പറയാൻ പറ്റുന്നതും പറയാൻ പറ്റാത്തതുമായ എത്രയോ ദുഃഖങ്ങൾ മനുഷ്യർ അനുഭവിക്കുന്നു.

■എല്ലാ മനുഷ്യരും വ്യത്യസ്ത തരം സങ്കടങ്ങളിലൂടെയാണ് കടന്നു പോകുന്നത് എന്ന ദർശനം കഥാകാരൻ ഇവിടെ പങ്കുവെക്കുന്നു.

■മഞ്ഞ നിറം വിഷാദത്തിന്റെ സൂചനയാണ്

🌊 പട്ടകളിൽ കാറ്റിരമ്പുന്നത് വെള്ളായിയപ്പന് ആദ്യമായി അപരിചിതമായി തോന്നി ഈ പ്രയോഗം വിശദീകരിച്ചു.

പനയിൽ കാറ്റുപിടിക്കുന്നതിന്റെ ദൃശ്യം കാണിച്ചു.

കാറ്റ് ,ഒ വി വിജയന്റെ കഥകളിൽ ഒരു സാന്നിധ്യം ആകുന്നതിന് ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടി.

◎അരയാൽ ചില്ലകളിൽ പതിയെ ഒരു കാറ്റു വീശി

-ഖസാക്കിന്റെ ഇതിഹാസം -

◎ചുരത്തിലൂടെ മലവെള്ളം പോലെ ആർത്തിരമ്പി പാലക്കാട്ടേക്ക് വീശുന്ന കിഴക്കൻ കാറ്റ് .

വർഷങ്ങൾക്ക് ശേഷം ആദ്യമായി എയർകണ്ടീഷൻ ഒന്നുമില്ലാതെ ഉറങ്ങുകയാണ്.

പുറത്ത് കാറ്റിന്റെ ഗാഢമായ ശബ്ദം .

ചുരത്തിലൂടെ കടലേറ്റം പോലെ കിഴക്കൻ കാറ്റ് തലതല്ലി.

തസ്കരനെ വാല്മീകിയാക്കിയ ഏട്ടന്റെ കരുണ ആ കാറ്റിൽ നിറഞ്ഞു .

-കാറ്റ് പറഞ്ഞ കഥ -

🌊ഓതം എന്ന പദത്തിന്റെ അർത്ഥം വ്യക്തമാക്കി.

ഓതം : നനവ്

■ആ നനവ് കഞ്ഞിയുടെ നനവു മാത്രമായിരുന്നില്ല. വെള്ളായിയപ്പന്റെ ഭാര്യയുടെ , ഒരമ്മയുടെ  കണ്ണുനീരിന്റെ നനവുകൂടിയായിരുന്നു.

🌊നാലുകല്ല് എന്ന പദം വിശദീകരിക്കുകയും പഴയകാത്ത് ഉപയോഗിച്ചിരുന്ന, ദൂരത്തെ സൂചിപ്പിക്കാനുള്ള ഏകകങ്ങൾ പരിചയപ്പെടുത്തുകയും ചെയ്തു.

■ ദൂരമറിയാൻ ഓരോ നാഴിക ഇടവിട്ട് നാട്ടുന്ന കല്ലാണ് നാഴികക്കല്ല്.ഒരു നാഴിക ഏകദേശം ഒന്നര കിലോമീറ്റർ ആണ് .

🌊യാത്രക്കിടയിൽ വെള്ളായിയപ്പൻ കുട്ട്യസ്സൻ മാപ്പിളയെയും നീലി മണ്ണാത്തിയെയും കണ്ടുമുട്ടുന്ന രംഗം വിശദീകരിച്ചു.

■ കുട്ട്യസ്സൻ മാപ്ലയ്ക്ക് വെള്ളായിയപ്പൻ ആദരണീയനാകുന്നത് അയാൾ അനുഭവിക്കുന്ന        സങ്കടങ്ങൾ കാരണമാണ്.

ദുഃഖങ്ങൾ പങ്കു വെക്കുന്ന ഗ്രാമീണ മനസ്സുകളെ നമുക്കിവിടെ കാണാൻ കഴിയുന്നു.

വീട്ടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ് എന്ന വാക്യത്തിലൂടെ കടം കൊടുക്കുന്നതും നന്മനിറഞ്ഞ ഒരു മനസ്സാണ് എന്ന് സൂചിപ്പിക്കുന്നു. കടപ്പാടുകളാണ് മനുഷ്യനെ നിലനിർത്തുന്നത്.

വാക്കുകൾ കൊണ്ടല്ല മനസ്സ് കൊണ്ടാണ് അവർ സംഭാഷണം നടത്തുന്നത്.

പടച്ചവൻ തുണയ്ക്കട്ടെ, മുത്തുനബി തുണയ്ക്കട്ടെ, നിന്നെയും എന്റെയും ദൈവങ്ങൾ തുണയ്ക്കട്ടെ -

ഈ വാക്യം എന്റേത്  നിന്റേത് എന്ന വേർതിരിവില്ലാത്ത  ഗ്രാമീണ മനസ്സുകളെ കാട്ടിത്തരുന്നു.സഹഭാവം എന്ന മനോഭാവം ആ മനുഷ്യരിൽ നിലനിൽക്കുന്നു. ഹൃദയം കൊണ്ട് അവർ പരസ്പരം ദുഃഖങ്ങൾ പങ്കിടുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നു.

പുഴ മുറിച്ച് കടക്കുമ്പോൾ ഇളംചൂടുള്ള വെള്ളം, കുളിയുടെ അനുഭവം വെള്ളായിയപ്പനിൽ ഉണർത്തുകയും അതദ്ദേഹത്തെ തളർത്തുകയും ചെയ്യുന്നു.

(അച്ഛന്റെ മൃതശരീരത്തെ കുളിപ്പിച്ചതും കുടിക്കാലത്ത് മകനെ കുളിപ്പിച്ചതും )

■അച്ഛനെയും മകനെയും കൂട്ടിയിണക്കുന്നതാണ് ആ കുളിയുടെ ഓർമ്മകൾ.

റെയിൽവേ സ്റ്റേഷനിൽ എത്തി ടിക്കറ്റ് എടുത്തതോടെ യാത്രയുടെ ഒരു ഘട്ടം അവസാനിക്കുന്നു. ഗ്രാമത്തിലൂടെയുള്ള യാത്ര കഴിഞ്ഞു എന്നതിന്റെ സൂചനയാണ് ഇത്.

പ്ലാറ്റ്ഫോമിൽ ഇരിക്കുമ്പോൾ വെള്ളായിയപ്പൻ കാണുന്ന അസ്തമയത്തിന്റെ ചിത്രങ്ങൾ വിശദീകരിച്ചു.

■അസ്തമയം അവസാനിക്കലിന്റെ സൂചനയാണ്

■വെള്ളായിയപ്പന്റെ മകന്റെ ജീവിതം അസ്തമിക്കാൻ പോവുകയാണ്.

■വെള്ളായിയപ്പന്റെ അപ്പന്റെ ജീവിതം അസ്തമിച്ചതുമാണ്

കഥയിലെ സംഭാഷണശകലങ്ങൾ ഉദാഹരിച്ചു കൊണ്ട് പാലക്കാട്ടെ ഗ്രാമീണ വാമൊഴിയുടെ പ്രത്യേകതകൾ സൂചിപ്പിച്ചു.

■ വിചേഴിച്ച്, വഷി

ശ കാരത്തിന് പകരം ച കാരവും ഷ കാരത്തിന് പകരം ഴ കാരവും ഴ കാരത്തിന് പകരം ഷ കാരവും ഉപയോഗിക്കുന്ന രീതി.

അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെ പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റി മുറുകി.

ഈ വാക്യം വിശദീകരിച്ചു.

■ആ മാനസികനില , ബാഹ്യലോകത്തെ എല്ലാ ഇടപെടലുകളും വെള്ളായിയപ്പന് അസഹ്യമായ അനുഭവമാക്കി മാറ്റുന്നു.

■ അയാളുടെ മനസ്സിൽ മുഴുവൻ മകന്റെ കഴുത്തിൽ മുറുകാൻ പോകുന്ന കൊലക്കയറിന്റെ ഓർമ്മ നിറഞ്ഞുനിൽക്കുകയാണ്.

🌊അപരിചിതൻ പോയ ശേഷം .വെള്ളായിയപ്പൻ അവിടെ കിടന്നുറങ്ങിപ്പോകുന്നതും ഉറക്കത്തിൽ മകനെ സ്വപ്നം കാണുന്നതുമായ ഭാഗം വിശദീകരിച്ചു.

🌊വണ്ടിയിൽ നിൽക്കുമ്പോൾ , തന്റെ മകൻ ഇന്ന് ഉറങ്ങിയിട്ടുണ്ടാവില്ല . അതിനാൽ തനിക്കും ഉറങ്ങേണ്ട എന്ന് വെള്ളായിയപ്പൻ ആലോചിക്കുന്നത് ചൂണ്ടിക്കാട്ടി.

## തുടർപ്രവർത്തനങ്ങൾ

1.അസ്തമയത്തിന്റെ രണ്ടു ചിത്രങ്ങളിലൂടെ സംഭവിച്ചു കഴിഞ്ഞ മരണവും സംഭവിക്കാനിരിക്കുന്ന മരണവും കൂട്ടിയിണക്കപ്പെടുന്നുണ്ടോ ?

നിങ്ങളുടെ നിരീക്ഷണം കുറിക്കുക.

2.പ്രയോഗത്തിന്റെ ഔചിത്യം കണ്ടെത്തുക

അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെ പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റിമുറുകി.

നവാസ് മന്നൻ

GHSS ശ്രീകണ്ഠപുരം